# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജനുവരി 19**

---

## പോസ്റ്റർ മത്സരം; എം.ജി സർവകലാശാലയ്ക്ക് സമ്മാനം

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നടന്ന ദക്ഷിണ മേഖലാ ഇൻസ്റ്റിറ്റ്യൂഷൻ ഇന്നവേഷൻ കൗൺസിൽ(ഐ.ഐ.സി) യോഗത്തിൻറെ ഭാഗമായി സംഘടിപ്പിച്ച പോസ്റ്റർ മത്സരത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് മൂന്നാം സ്ഥാനം. ബിസിനസ് ഇന്നവേഷൻ ആൻറ് ഇൻകുബേഷൻ സെൻററിനു(ബി.ഐ.ഐ.സി) കീഴിൽ നടന്നുവരുന്ന വിവിധ പ്രവർത്തനങ്ങൾ വിശദീകകരിക്കുന്ന പോസ്റ്ററാണ് തിരഞ്ഞെടുക്കപ്പെട്ടത്.

ബി.ഐ.ഐ.സി പ്രതിനിധികളായ ഡോ. സി. ചന്ദന, ഡോ. കെ.പി.സുഭില, ജുബിൻ താജ് എന്നിവർ ഐ.ഐ.സി മേഖലാ കോ-ഓർഡിനേറ്റർ അഭിഷേക് രഞ്ജൻ കുമാറിൽനിന്ന് പുരസ്കാരം ഏറ്റുവാങ്ങി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൂതന ആശയങ്ങളെയും സംരംകത്വത്തെയും പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയവും എ.ഐ.സി.ടിയും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്.

**ഫോട്ടോ ക്യാപ്ഷൻ...**

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നടന്ന ദക്ഷിണ മേഖലാ ഇൻസ്റ്റിറ്റ്യൂഷൻ ഇന്നവേഷൻ കൗൺസിൽ(ഐ.ഐ.സി) യോഗത്തിൻറെ ഭാഗമായി സംഘടിപ്പിച്ച പോസ്റ്റർ മത്സരത്തി മൂന്നാം സമ്മാനം ഐ.ഐ.സി മേഖലാ കോ-ഓർഡിനേറ്റർ അഭിഷേക് രഞ്ജൻ കുമാറിൽനിന്ന് ബി.ഐ.ഐ.സി പ്രതിനിധികളായ ഡോ. സി. ചന്ദന, ഡോ. കെ.പി.സുഭില, ജുബിൻ താജ് എന്നിവർ ഏറ്റുവാങ്ങുന്നു.

(പി.ആർ.ഒ/39/68/2024)

## യുു3എ സെമിനാർ ഇന്ന്

യുണിവേഴ്സിറ്റി ഓഫ് ദ തേഡ് എജ് മഹാത്മാ ഗാന്ധി സർവകലാശാലാ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സെമിനാർ ഇന്ന്(ജനുവരി 20) രാവിലെ 9.30 മുതൽ സർവകലാശാലാ അസംബ്ലി ഹാളിൽ നടക്കും. വൈസ് ചാൻസർ

ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യും.

യൂണിവേഴ്സിറ്റി ഓഫ് ദ തേഡ് എജിന്റെ പ്രവർത്തനങ്ങളിൽ തീം സെന്റേഡ് ഇന്ററാക്ഷന്റെ(ടി.സി.എ) പ്രസക്തി എന്ന വിഷയത്തിൽ ടി.സി.ഐ അന്തർദേശീയ ഫെസിലിറ്റേറ്റർ പ്രഫ. മത്തിയാസ് ഷേറർ സംസാരിക്കും. ചടങ്ങിൽ ഡോ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിക്കും.

(പി.ആർ.ഒ/39/69/2024)

## കാർഷിക സെമിനാർ നടത്തി

ഇന്ത്യൻ കൃഷിസമ്പ്രദായത്തിലെ പുതിയ സാധ്യതകളെകുറിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിൽ സംഘടിപ്പിച്ച രാജ്യാന്തര സെമിനാർ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു.

ഫിലിപ്പൈൻസിലെ രാജ്യാന്തര നെല്ലു ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞയായ ഡോ. സ്വാതി നായക് മുഖ്യ പ്രഭാഷണം നടത്തി. സർവകലാശാലാ രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, സ്കൂൾ ഓഫ് ബയോ സയൻസസ് ഡയറക്ടർ ഡോ. എം.എസ്. ജിഷ, ഡോ. ലിനു മാത്യു, സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക് നോളജി കോഴ്സ് കോ-ഓർഡിനേറ്റർ ഡോ. കെ. അനുജ തോമസ് എന്നിവർ സംസാരിച്ചു.

കേരള സർവകലാശാലയിലെ സെൻട്രൽ ലാബോറട്ടറി ഫോർ ഇൻസ്ട്രുമെന്റേഷൻ ആന്റ് ഫെസിലിറ്റേഷൻ ഡയറക്ടർ പ്രഫ. ജി.എം. നായർ, കൊല്ലം ടി.കെ.എം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഫുഡ് ടെക്നോളജി വകുപ്പ് ഡീൻ ഡോ. ആർ. സിന്ധു, തഞ്ചാവൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രണർഷിപ്പ് ആന്റ് മാനേജ്മെന്റിലെ ഡോ. ജയൻ എ. മോസസ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തി.

റൂസ പ്രോജക്ടിന്റെ ഭാഗമായി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോ സയൻസസ്, സ്കൂൾ ഓഫ് ഫുഡ് സയൻസ് ആന്റ് ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി എന്നിവ സംയുക്തമായാണ് സെമിനാർ സംഘടിപ്പിച്ചത്.

**ഫോട്ടോ ക്യാപ്ഷൻ...**
ഇന്ത്യൻ കൃഷിസമ്പ്രദായത്തിലെ പുതിയ സാധ്യതകളെകുറിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിൽ സംഘടിപ്പിച്ച രാജ്യാന്തര സെമിനാർ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/70/2024)

## ടെക്നിക്കൽ അസിസ്റ്റൻറ്; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ സ്കൂൾ സെൻററായ അഡ്വാൻസ്ഡ് മോളിക്കുലാർ മെറ്റീരിയൽസ് റിസർച്ച് സെൻറർ (എ.എം.എം.ആർ.സി)ൽ ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഇ.ഡബ്ല്യു.എസ് വിഭാഗത്തിലെ ഒരൊഴിവിലേക്ക് കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്കാണു നിയമനം. ശമ്പളം 20000 രൂപ. പ്രായപരിധി 2023 ജനുവരി ഒന്നിന് 40 വയസ്സ് കവിയരുത്.

കെമിസ്ട്രിയിൽ ബിരുദവും അനലിറ്റിക്കൽ ഉപകരണങ്ങൾ കൈകാര്യം ചെയ്തുള്ള മുൻ പരിചയവും ആണ് അടിസ്ഥാന യോഗ്യത.

താൽപര്യമുള്ളവർക്ക് അപേക്ഷാ ഫോം ഡൗൺലോഡ് ചയ്ത് പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം മറമ7@ാഴൗ.മര.ശി എന്ന വിലാസത്തിൽ ജനുവരി 29 വരെ അയയ്ക്കാം. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/71/2024)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്(2015,2016 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്, മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് സൈബർ ഫോറൻസിക്(2015 മുതൽ 2018 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) സെപ്റ്റംബർ 2023 പരീക്ഷകൾ ഫെബ്രുവരി 14ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/72/2024)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.വോക് ബ്രോഡ്കാസ്റ്റിംഗ് ആൻറ് ജേണലിസം(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018,2019,2020,2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം, ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 31ന് കളമശ്ശേരി സെൻറ് പോൾസ് കോളജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

...............................

മൂന്നാം സെമസ്റ്റർ ബി.വോക് ബിസിനസ്സ് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ, അപ്ലൈഡ് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ ്കീം, ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 24,25 തീയതികളിൽ അതത് കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

........................

മൂന്നാം സെമസ്റ്റർ ബി.വോക് അക്കൗണ്ടിംഗ് ആൻറ് ടാക്സേഷൻ(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018–2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം, ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 25ന് പരീക്ഷകൾ അതത് കേന്ദ്രങ്ങളിൽ നടക്കും

(പി.ആർ.ഒ/39/73/2024)

## പരീക്ഷാ ഫലം

കഴിഞ്ഞ വർഷം ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി(പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി മൂന്നു വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/74/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**